**സഹകരണത്തിലൂടെ**
**സമൃദ്ധി**
കയറ്റുമതിയിലൂടെ
പുരോഗതി




**EMPOWERING FARMERS**
TO REACH GLOBAL MARKETS

**NCEL അംഗത്വം നേടുന്നതിനായി**

1. **അംഗത്വ യോഗ്യത ഉറപ്പാക്കുക:** ആദ്യം, നിങ്ങളുടെ സഹകരണ സംഘം NCEL അംഗത്വത്തിന് അർഹമാണോ എന്ന് ഉറപ്പാക്കുക. അംഗത്വത്തിന് അപേക്ഷിക്കുന്ന സ്ഥാപനം ഏതെങ്കിലും സഹകരണ വിഭാഗത്തിൽ രജിസ്റ്റർ ചെയ്തതും നിലവിൽ സജീവമായി പ്രവർത്തിക്കുന്നതുമായിരിക്കണം.
2. **അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്യുക:** തുടർന്ന് NCEL വെബ്സൈറ്റ് സന്ദർശിച്ച് അംഗത്വ അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്യുക. ഫോം ശ്രദ്ധാപൂർവം വായിച്ച് അപേക്ഷാ നടപടിക്രമം പൂർത്തിയാക്കുന്നതിന് ആവശ്യമായ എല്ലാ രേഖകളും തയ്യാറാക്കുക.
3. **ആവശ്യമായ രേഖകൾ ശേഖരിക്കുക:** അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട താഴെപ്പറയുന്ന രേഖകളുടെ പകർപ്പുകൾ തയ്യാറാക്കുക:

- സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ (SRCS) നൽകിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (RC)
- പാൻ കാർഡ്
- ബാങ്ക് അക്കൗണ്ടിന്റെ റദ്ദാക്കിയ ചെക്ക്
- ബോർഡ് പ്രമേയം (ഔദ്യോഗിക മുദ്രയോടുകൂടിയ ഒറിജിനൽ)
- ജിഎസ്ടി നമ്പറിന്റെ പകർപ്പ്

4. **പേയ്മെന്റ് നടത്തുക:** ആവശ്യമായ രേഖകൾ തയ്യാറാക്കിയ ശേഷം, NCEL-ന്റെ പേരിൽ ഡിമാൻഡ് ഡ്രാഫ്റ്റ് (DD) അല്ലെങ്കിൽ ചെക്ക് നൽകുക.
5. **അപേക്ഷ സമർപ്പിക്കുക:** പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷാ ഫോം, ആവശ്യമായ എല്ലാ രേഖകളും, കൂടാതെ ചെക്ക്/ഡിഡിയും ഒരുമിച്ച് ചേർത്ത് ഡൽഹിയിലെ വേൾഡ് ട്രേഡ് സെന്ററിൽ (WTC) പ്രവർത്തിക്കുന്ന NCEL ഓഫീസിലേക്ക് തപാൽ മുഖേന അയയ്ക്കുക.

അപേക്ഷ അംഗീകരിക്കപ്പെട്ടാൽ നിങ്ങളുടെ സ്ഥാപനം NCEL-ന്റെ അംഗമാകും. കൂടുതൽ വിവരങ്ങൾക്ക് www.ncel.coop സന്ദർശിക്കുകയോ ഞങ്ങളെ നേരിട്ട് ബന്ധപ്പെടുകയോ ചെയ്യുക.

**പതിവായി ചോദിക്കുന്ന ചോദ്യങ്ങൾ (FAQ)**

ബോർഡ് പ്രമേയം (Board Resolution) എന്താണ്?

NCEL-ൽ അംഗമാകുന്നതിനുള്ള ഡയറക്ടർ ബോർഡിന്റെ അനുമതി രേഖപ്പെടുത്തുന്ന ഔദ്യോഗിക തീരുമാനമാണ് ബോർഡ് പ്രമേയം.

അതിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കണം:

- വാങ്ങുന്ന ഓഹരികളുടെ എണ്ണം
- ഓഹരികൾക്കായി നിക്ഷേപിക്കുന്ന ആകെ തുക
- ഓഹരികൾ വാങ്ങുന്ന ഫെഡറേഷന്റെ പേര്

പ്രമേയത്തിൽ അധികൃതരുടെ ഒപ്പും സ്ഥാപനത്തിന്റെ ഔദ്യോഗിക മുദ്രയും ഉണ്ടായിരിക്കണം.

അംഗത്വ രജിസ്ട്രേഷൻ ഫീസ് എത്രയാണ്?

ഓഹരികളുടെ വിലയ്ക്ക് പുറമെ, NCEL അംഗത്വ രജിസ്ട്രേഷൻ ഫീസ് ₹500 ആണ്.

ആകെ അടയ്ക്കേണ്ട തുക = ഓഹരികളുടെ വില + ₹500 രജിസ്ട്രേഷൻ ഫീസ്

**Membership Application Process**

1. Start with Eligibility: Check if your cooperative society is eligible to apply. To qualify, your society must be registered under any cooperative category and must be functioning and operational.
2. Download the Application Form: Next, head over to the NCEL website and download the membership application form. Be sure to review the form and prepare all the necessary documents to complete your application.
3. Gather the Required Documents: Now, collect all the essential documents you'll need to submit:
    a. Registration Certificate (RC) issued by the State Registrar of Cooperative Societies (SRCS) photocopy.
    b. PAN Card photocopy.
    c. Cancelled cheque photocopy.
    d. Board Resolution original with stamp.
    e. GST Number Copy photocopy.
4. Make the Payment: After organising your documents, you can either issue a demand draft (DD) to NCEL or issue a cheque payable to NCEL.
5. Submit Your Application Package: Finally, put everything together – the completed application form, all required documents, along with cheque or DD – and send it by post to the NCEL office.

For further assistance, visit our website www.ncel.coop or contact us.

FAQs: All You Need to Know About NCEL Membership

- What is a Board Resolution? A board resolution must state the agreement of the board to become a member of NCEL. It should include: the number of shares being purchased, the total amount, the name of the federation where the shares are being bought.
- The resolution must be signed and bear the original seal of the organization.
- What is the Membership Registration Fee? The NCEL membership registration fee is ₹500, in addition to the cost of the shares.

Total Payable Amount = Cost of Shares + ₹500 Registration Fee.

# അംഗത്വം നേടൂ!

| ക്ര. നമ്പർ | ക്ലാസ് | അംഗത്വ വിഭാഗം | അംഗത്വത്തിനുള്ള കുറഞ്ഞ ഓഹരി വിഹിതം |
|---|---|---|---|
| 1. | ക്ലാസ് 1 | പ്രൊമോട്ടർ അംഗങ്ങൾ | ₹10,000 മുഖവിലയുള്ള 100,000 ഓഹരികൾ (₹100 കോടി) |
| 2. | ക്ലാസ് 2 | സംസ്ഥാനതല സഹകരണ സംഘം അല്ലെങ്കിൽ അപ്പെക്സ് സഹകരണ സംഘം | ₹10,000 മുഖവിലയുള്ള 1,000 ഓഹരികൾ (₹1 കോടി) |
| 3. | ക്ലാസ് 3 | ദേശീയ സഹകരണ സംഘം അല്ലെങ്കിൽ മൾട്ടി-സ്റ്റേറ്റ് സഹകരണ സംഘം | ₹10,000 മുഖവിലയുള്ള 500 ഓഹരികൾ (₹50 ലക്ഷം) |
| 4. | ക്ലാസ് 4 | പ്രാഥമിക അല്ലെങ്കിൽ സംസ്ഥാനതല സഹകരണ സംഘമല്ലാത്ത സഹകരണ സംഘം | ₹10,000 മുഖവിലയുള്ള 10 ഓഹരികൾ (₹1 ലക്ഷം) |
| 5. | ക്ലാസ് 5 | പ്രാഥമിക സഹകരണ സംഘം | ₹10,000മുഖവിലയുള്ള ഒരു ഓഹരി (₹10,000) |
| 6. | ക്ലാസ് 6 | കേന്ദ്ര രജിസ്ട്രാർ അനുവദിക്കുന്ന വ്യക്തികൾ/ സ്ഥാപനങ്ങളുടെ വിഭാഗങ്ങൾ | ₹10,000 മുഖവിലയുള്ള 2 ഓഹരികൾ (₹20,000) |

**Promoted by**

Amul · KRIBHCO (Cooperative and beyond...) · IFFCO (पूर्णतः सहकारी स्वामित्व — Wholly owned by Cooperatives) · nafed (A Farmers' Cooperative ... Since 1958) · राष्ट्रीय सहकारी विकास निगम NCDC (Assisting Cooperatives. Always! सहकारिताओं की सहायता में सदैव तत्पर!)

8th Floor, Tower I, World Trade Centre, Nauroji Nagar, New Delhi – 110029, India

+91 85956 34549 www.ncel.coop